വിനോദസഞ്ചാര മേഖലയുടെ സംരക്ഷണവും പരിപാലനവും

*8 [66] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. ചെന്താമരാക്ഷൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രത്യേക നിയമവ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളെയാണ് പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രത്യേക വിനോദസഞ്ചാര മേഖലകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ ബാറും ബിയർ പാർലറും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ടൂറിസം വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിക്ക് രൂപം നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള അധികാരങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നു.

(ബി) കോവളം, മൂന്നാർ, കുമരകം, ഫോർട്ടുകൊച്ചി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് ആദ്യപടിയായി പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിച്ച് പ്രത്യേക നിയമവ്യവസ്ഥ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് അന്തിമരൂപം നൽകിയിട്ടില്ല.

(സി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) ഉണ്ട്. കമ്മിറ്റിയുടെ അധികാരങ്ങൾ സംബന്ധിച്ച 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഓർഡിനൻസിലെ 6-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly